15-04-2023

SATURDAY

ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : PADMAM S.  Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-15/04/2023.

1. കേരള സർക്കാർ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്ന "കൃഷിദർശൻ" പരിപാടിയോടനുബന്ധിച്ചു B2B മീറ്റ് സംഘടിപ്പിക്കുന്നു. ഏപ്രിൽ 27-ന് ഹരിപ്പാട് സൗഗന്ധിക ഹോട്ടലിൽ നടക്കുന്ന (ഉത്പാദക -സംരംഭക) B2B മീറ്റിൽ പങ്കെടുക്കുന്നതിന് കർഷകർ, കർഷക സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻസ്, കാർഷിക മൂല്യ വർധിത ഉത്പന്ന നിർമ്മാണ യൂണിറ്റുകൾ, കൃഷി, കൃഷി അനുബന്ധ സൂക്ഷ്മസംരംഭകർ, കൃഷിക്കൂട്ടങ്ങൾ തുടങ്ങിയവർക്ക് ഗൂഗിൾ ഫോം വഴി രജിസ്റ്റർ ചെയ്ത് ഈ മീറ്റിൽ പങ്കെടുക്കാവുന്നതാണ്. മൂല്യവർധിത ഉത്പന്നങ്ങൾ, അവ നിർമ്മിക്കുന്നതിനുള്ള അസംസ്കൃത വസ്തുക്കൾ എന്നിവ വിൽക്കുന്നതിനും വാങ്ങുന്നതിനും ഉത്പാദകരേയും സംരംഭകരേയും തമ്മിൽ ബന്ധിപ്പിക്കുന്നതിനാണ് പരിപാടി സംഘടിപ്പിക്കുന്നത്. കൂടുതൽ വിവരങ്ങൾക്കും ഗൂഗിൾ ഫോം ലിങ്കിനുമായി അതത് പഞ്ചായത്തുകളിലെ കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണ്.

2. പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ അരുൺ ഇനത്തിൽപ്പെട്ട ചീര, ഇന്ദു ഇനത്തിൽപ്പെട്ട കുമ്പളം, സൽകീർത്തി ഇനത്തിൽപ്പെട്ട വെണ്ട, പൾപ്പിൾ ലോങ്ങ് ഇനത്തിൽപ്പെട്ട വഴുതന, ലോല ഇനത്തിൽപ്പെട്ട പയർ, സൗഭാഗ്യ, അരുണിമ എന്നീ ഇനങ്ങളിലുള്ള വെള്ളരി തുടങ്ങിയ പച്ചക്കറികളുടെ വിത്തുകൾ വിൽപനയ്ക്കായി തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ കേന്ദ്രത്തിൽ നേരിട്ട് എത്തുകയോ **8547891632** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

3. കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന/ മൃഗഡോക്ടറുടെ സേവനം കർഷകരുടെ വാതിൽപ്പടിയിൽ എന്ന പദ്ധതിയുടെ ഭാഗമായുള്ള മൊബൈൽ വെറ്ററിനറി യൂണിറ്റിൽ ഓരോ വാഹനത്തിലും ഒരു വെറ്ററിനറി സർജൻ, ഒരു പാരാവെറ്റ്, ഒരു ഡ്രൈവർ കം അറ്റന്റർ എന്നിവർ ഉണ്ടാകും. സർജറി ചെയ്യുന്നതിനാവശ്യമായ ഉപകരണങ്ങൾ ഉൾപ്പെടെ വാഹനത്തിൽ ലഭ്യമാണ്. ഇപ്പോൾ 29 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റ് സൗകര്യം ലഭ്യമാണ്. ഇത് സംസ്ഥാനത്ത് 129 ബ്ലോക്കുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുമെന്ന് മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി അറിയിച്ചു.

ഈ സേവനം ലഭിക്കുന്നതിന് **1962** എന്ന ഹെൽപ്പ് ലൈൻ നമ്പറുള്ള കേന്ദ്രീകൃത കോൾ സെന്റർ നമ്പരിൽ കർഷകർ വിളിക്കേണ്ടതാണ്. കന്നുകാലി, ആട് എന്നിവയ്ക്ക് 450 രൂപയും അരുമ മൃഗങ്ങൾക്ക് 950 രൂപയും കൃത്രിമ ബീജദാനത്തിന് 50 രൂപയുമാണ് നിരക്ക്. ഇത് ഓൺലൈനായി അടയ്ക്കാവുന്നതാണ്.

4. സർക്കാർപൊതുമേഖലാ വികസന സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ (കെപ്കോ) കീഴിൽ പ്രവർത്തിക്കുന്ന റസ്റ്ററന്റിലേക്ക് കരാർ അടി സ്ഥാനത്തിൽ ഒരു എഫ് ആന്റ് ബി മാനേജരെ ആവശ്യമുണ്ട്. പ്രായപരിധി 35 നും 50 വയസിനും ഇടയിലുള്ളവർക്ക് അപേക്ഷിക്കാം. യോഗ്യത ഡിപ്ലോമ ഇൻ ഹോട്ടൽ മാനേജ്മെന്റ് പാസ്സായിരിക്കണം. 10 വർഷത്തിൽ കുറയാത്ത മുൻപരിചയം ഉണ്ടായിരിക്കണം. അപേക്ഷകർ ബയോഡേറ്റ സഹിതം 02/05/2023 ന് മുൻപായി മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെപ്കോ) ടി.സി 30/697 പേട്ട, തിരുവനന്തപുരം -695024, എന്ന മേൽ വിലാസത്തിൽ ലഭിച്ചിരിക്കണം. വിശദവിവരങ്ങൾക്ക് 9446364116 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്. (E-mail:kepcopoultry@gmail.com, kspdc@yahoo.co.in)

## പരിശീലനം

5. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.)-ന്റെയും റബ്ബറുത്പാദകസംഘങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ ഒരു വർഷ ക്കാലം നീണ്ടുനിൽക്കുന്ന തേനീച്ചപരിപാലന സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. തേനീച്ചവളർത്തലിന്റെ വിവിധഘട്ടങ്ങളിലെ കാലാനുസൃതമായ പരിപാലനമുറകളും പ്രായോഗികപരിശീലനവും ഉൾപെടുന്നതാണ് രണ്ടാഴ്ചയിൽ ഒരുദിവസം എന്ന കണക്കിൽ നടത്തുന്ന ഒരു വർഷം നീണ്ടുനിൽക്കുന്ന ഈ പരിശീലനപരിപാടി. കൂടുതൽ വിവരങ്ങൾക്ക് അതതു പ്രദേശത്തെ റബ്ബർബോർഡ് ഓഫീസിലോ, **04812353127, 7306464582** എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

6. **വിള പരിപാലന നിർദ്ദേശങ്ങൾ**

ചൂടുകൂടിയ അന്തരീഷസ്ഥിതി തുടരുന്നകാരണം വാഴയിൽ മണ്ഡരി രോഗം കാണാൻ സാധ്യതയുണ്ട്. ഇതിനെ പ്രതിരോധിക്കാനായി 3 ഗ്രാം വെറ്റബിൾ സൾഫർ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉയർന്ന താപനില തുടരുന്നതിനാൽ വഴുതനയിൽ വെള്ളീച്ചയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. രണ്ടു ശതമാനം വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി എമൽഷൻ തളിക്കു. അല്ലെങ്കിൽ ലെക്കാനീസീലിയം ലെക്കാനി എന്ന മിത്രകുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ പത്തു ദിവസം ഇടവിട്ട് തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം